**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 172** **20-01-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ സർവ്വീസിലെ സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി . എ . അഹമ്മദ് കബീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ .കെ .എൻ .എ. ഖാദർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ദളിത്, മുസ്ലീം, മറ്റ് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് ജനസംഖ്യാനുപാതികമായി സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | അഖിലേന്ത്യാ നാടാർ അസോസിയേഷൻ ഫയൽ ചെയ്ത WP(C)No.5489/2007 റിട്ട് ഹർജിയിലെ ബഹു.കേരളാ ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാർ വകുപ്പുകൾ /സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തുടങ്ങിയവയിലെ പിന്നാക്ക വിഭാഗങ്ങളുടെ സംസ്ഥാന സർവ്വീസിലെ പ്രാതിനിധ്യം കണ്ടെത്താനുതകുന്ന തരത്തിൽ e-CDESK (e-Caste Database of Employees in Service Kerala) എന്ന പേരിൽ ഒരു Webportal ആരംഭിക്കുകയും പ്രസ്തുത പോർട്ടലിൽ എല്ലാ സർക്കാർ വകുപ്പുകളും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളും തങ്ങളുടെ മുഴുവൻ സ്ഥിര ജീവനക്കാരുടെ വിവരങ്ങൾ ചേർത്തു വരികയും ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേരള രാജ്ഭവൻ, സെക്രട്ടേറിയറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, ഫീൽഡ് വകുപ്പുകൾ തുടങ്ങിയ 99 സർക്കാർ വകുപ്പുകളിലെ 96.26% ജീവനക്കാരുടെ വിവരങ്ങൾ 12/01/2021 വരെ ചേർത്തിട്ടുണ്ട്. പൊതുമേഖലയടക്കമുള്ള ഇതര സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തങ്ങളുടെ സ്ഥിരജീവനക്കാരുടെ വിവരങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ ഈ വെബ്പോർട്ടലിൽ ചേർത്തുവരുന്നു. സംസ്ഥാന സർക്കാർ വകുപ്പുകളിലേയും, മുഴുവൻ സ്ഥിരജീവനക്കാരുടെയും, വിവരങ്ങൾ ഈ വെബ്പോർട്ടലിൽ ചേർത്ത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ സംസ്ഥാനത്തെ മുസ്ലീം വിഭാഗം ഉൾപ്പെടെയുള്ള പിന്നാക്ക വിഭാഗങ്ങളുടെ സർക്കാർ സർവ്വീസിലും, പൊതുമേഖലാ സ്ഥാപനങ്ങളിലുമുള്ള അർഹമായ പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. ദളിത്, മുസ്ലീം, മറ്റ് പിന്നാക്ക |

| | | | |
|---|---|---|---|
| | | | സമുദായങ്ങളിൽപ്പെട്ടവർക്ക് ജനസംഖ്യാനുപാതികമായി സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രാതിനിധ്യം ലഭ്യമാക്കുന്നതിന് മേൽ സൂചിപ്പിച്ച നടപടികൾക്ക് പുറമേ WP(C)No.35220/2017(B), WP(C) No.19937/2019(N) എന്നീ കേസുകളിലെ ബഹു.ഹൈക്കോടതിയുടെ 08/09/2020-ലെ വിധിന്യായം അനുസരിച്ച് സർക്കാർ തലത്തിൽ സോഷ്യോ ഇക്കണോമിക് സർവ്വേ കൂടി പൂർത്തീകരിക്കേണ്ടതുണ്ട്. |
| (ബി) | ജീവനക്കാരുടെ ജാതിതിരിച്ചുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ബി) | അഖിലേന്ത്യാ നാടാർ അസോസിയേഷൻ ഫയൽ ചെയ്ത WP(C)No.5489/2007 റിട്ട് ഹർജിയിലെ ബഹു.കേരളാ ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാർ വകുപ്പുകൾ /സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തുടങ്ങിയവയിലെ പിന്നാക്ക വിഭാഗങ്ങളുടെ സംസ്ഥാന സർവ്വീസിലെ പ്രാതിനിധ്യം കണ്ടെത്താനുതകുന്ന തരത്തിൽ e-CDESK (e-Caste Database of Employees in Service Kerala) എന്ന പേരിൽ ഒരു Webportal ആരംഭിക്കുകയും പ്രസ്തുത പോർട്ടലിൽ എല്ലാ സർക്കാർ വകുപ്പുകളും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളും തങ്ങളുടെ മുഴുവൻ സ്ഥിര ജീവനക്കാരുടെ വിവരങ്ങൾ ചേർത്തു വരികയും ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേരള രാജ്ഭവൻ, സെക്രട്ടേറിയറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, ഫീൽഡ് വകുപ്പുകൾ തുടങ്ങിയ 99 സർക്കാർ വകുപ്പുകളിലെ 96.26% ജീവനക്കാരുടെ വിവരങ്ങൾ 12/01/2021 വരെ ചേർത്തിട്ടുണ്ട്. പൊതുമേഖലയടക്കമുള്ള ഇതര സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തങ്ങളുടെ സ്ഥിരജീവനക്കാരുടെ വിവരങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ ഈ വെബ്പോർട്ടലിൽ ചേർത്തുവരുന്നു. സംസ്ഥാന സർക്കാർ വകുപ്പുകളിലേയും, മുഴുവൻ സ്ഥിരജീവനക്കാരുടെയും, വിവരങ്ങൾ ഈ വെബ്പോർട്ടലിൽ ചേർത്ത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ സംസ്ഥാനത്തെ മുസ്ലീം വിഭാഗം ഉൾപ്പെടെയുള്ള പിന്നാക്ക വിഭാഗങ്ങളുടെ സർക്കാർ സർവ്വീസിലും, പൊതുമേഖലാ സ്ഥാപനങ്ങളിലുമുള്ള അർഹമായ പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളു. ദളിത്, മുസ്ലീം, മറ്റ് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് ജനസംഖ്യാനുപാതികമായി സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രാതിനിധ്യം ലഭ്യമാക്കുന്നതിന് മേൽ സൂചിപ്പിച്ച നടപടികൾക്ക് പുറമേ WP(C)No.35220/2017(B), WP(C) |

| | | | |
|---|---|---|---|
| | | | No.19937/2019(N) എന്നീ കേസുകളിലെ ബഹു.ഹൈക്കോടതിയുടെ 08/09/2020-ലെ വിധിന്യായം അനുസരിച്ച് സർക്കാർ തലത്തിൽ സോഷ്യോ ഇക്കണോമിക് സർവ്വേ കൂടി പൂർത്തീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ